# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5363

23-05-2017- ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കോവൂർ കുഞ്ഞുമോൻ** | | **ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | കേരളത്തിൽ ന്യൂനപക്ഷ സമൂഹങ്ങളുടെ സവിശേഷ സാംസ്കാരിക പാരമ്പര്യം കാത്തു സൂക്ഷിക്കാനായി നടപടികൾ കൈക്കൊള്ളുമോ; ന്യൂനപക്ഷങ്ങളുടെ സാംസ്കാരികത്തനിമ സംരക്ഷിക്കുന്ന 'ഹമാരി ധരോഹർ പദ്ധതി' കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | 13-01-2016-ലെ സഉ(സാധാ) 178/2016/പൊ.ഭ.വ. പ്രകാരം മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാപഠനകേന്ദ്രം ട്രസ്റ്റ് വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ 60 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്; ഹമാരി ധരോഹർ പദ്ധതി കേന്ദ്ര സർക്കാർ നേരിട്ട് നടത്തുന്ന പദ്ധതിയാണ്. |
| (ബി) | ന്യൂനപക്ഷ വനിതകളുടെ നേതൃപാടവവികസനത്തിനായി സംസ്ഥാനത്ത് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; 'നയി രോഷ്നി പദ്ധതി' കേരളത്തിൽ നടപ്പാക്കുന്നുണ്ടോ: ഇല്ലെങ്കിൽ അത് നടപ്പിലാക്കുന്നത് പരിഗണിക്കുമോ; | (ബി) | ഉണ്ട് |
| (സി) | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി ധനസഹായം നൽകാൻ പദ്ധതി നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ Parent + പദ്ധതി പ്രകാരം ഒരു കോഴ്സിന് 5 ലക്ഷം രൂപ എന്ന നിരക്കിൽ ലോൺ അനുവദിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിൽ പാഴ്സി ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ജിയോ പാർസി പദ്ധതി കേരളത്തിൽ നടപ്പാക്കുന്നുണ്ടോ; | (ഡി) | ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ ന്യൂനപക്ഷ മതവിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ് , പാഴ്സി, ജൈനർ എന്നീ മതവിഭാഗങ്ങളുടെ ഉന്നമനത്തിനായിട്ടുള്ളതാണ്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പാഴ്സിക്ക് വരുമാനദായകമായ പദ്ധതിയിലൂടെ ജീവിതം മെച്ചപ്പെടുത്തുന്നതിലേക്ക് വായ്പാ പദ്ധതികളും വിദ്യാഭ്യാസ പുരോഗതിക്കായി വിദ്യാഭ്യാസ വായ്പകളും സംരഭകത്വ വികസനത്തിനായി പരിശീലന പദ്ധതികളും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പദ്ധതിയിൽ നിലവിലുണ്ട്. ജിയോ പാർസി പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല. |
| (ഇ) | മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്ലാൻ നിലവിൽ കേരളത്തിലെ എത്ര ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലുമാണ് നടപ്പിലാക്കുന്നത്; | (ഇ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്മെൻറ് സ്കീം നിലവിൽ കേരളത്തിലെ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം, കൽപ്പറ്റ എന്നീ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമാണ് നടപ്പിലാക്കി വരുന്നത്. |
| (എഫ്) | എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്താനായി സമർപ്പിച്ചതും അനുവദിച്ചതുമായ പദ്ധതികളുടെ അടങ്കൽ തുക 2012-13 മുതൽ നടപ്പുവർഷം വരെ വാർഷികാടിസ്ഥാനത്തിൽ നൽകാമോ? | (എഫ്) | എം.എസ്.ഡി.പി-യിൽ പദ്ധതികൾ സമർപ്പിക്കുന്നതും തുക അനുവദിക്കുന്നതും വാർഷികാടിസ്ഥാനത്തിലല്ല പഞ്ചവത്സര പദ്ധതികളുടെ അടിസ്ഥാനത്തിലാണ്. 2012-13 മുതൽ നടപ്പ് വർഷം വരെ സമർപ്പിച്ചതും അനുവദിച്ചതുമായ തുക താഴെ ചേർക്കുന്നു. |

| വർഷം | സമർപ്പിച്ച പദ്ധതികളുടെ അടങ്കൽ തുക ( ലക്ഷത്തിൽ) | അനുവദിച്ച തുക ( ലക്ഷത്തിൽ) |
|---|---|---|
| 2012-13 | -- | 37.01 |
| 2013-14 | 8431.00 | 1532.51 |
| 2014-15 | -- | 43.95 |
| 2015-16 | 2446.00 | 33.66 |
| 2016-17 | 1810.00 | 725.45 |
| 2017-18 | -- | -- |

**സെക്ഷൻ ഓഫീസർ**